LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം ഓൺലൈൻ സേവനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരം ഓൺലൈൻ സേവനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) നികുതി ഓൺലൈനായി അടയ്ക്കുന്നതിന് എത്ര ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വസ്തു നികുതിയും സേവന നികുതിയും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 67 നഗരസഭകളിലും വസ്തു നികുതി ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ശബരിമല എയർപോർട്ട്

28(*148) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. തോമസ് കെ. തോമസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)സദയം മറുപടി നൽകുമോ:

(എ) ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമലയുടെ ആഗോള പ്രാധാന്യം പരിഗണിച്ച് ശബരിമല എയർപോർട്ട് അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഗ്രീൻ ഫീൽഡ് എയർപോർട്ട് ശബരിമലയോട് അടുത്ത് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് കെ.എസ്.ഐ.ഡി.സി. താൽപര്യപത്രം പുറപ്പെടുവിക്കുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ലൂയി ബെർഗർ കൺസൾട്ടിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യ. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18-6-2020-ലെ സ.ഉ. (കൈ)നമ്പർ 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ്സ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസ്സ് സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) പത്തനംതിട്ട ജില്ലയിൽ എയർപോർട്ട് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എന്തെല്ലാം അനുമതികളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനുവേണ്ടി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായതിനാൽ അതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെയും ഹോട്ടൽ ഭക്ഷണത്തിന്റെയും വിലനിയന്ത്രണം

29(*149) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വിലവർദ്ധനവുമൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?